## പതിമൂന്നാം കേരള നിയമസഭ
### പതിനഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3626 | 17.12.2015-ലെ മറുപടിയ്ക്ക് |
|---|---|

### സംസ്ഥാനത്തു നിന്നുള്ള ഡീസൽ/പെട്രോൾ വില്പനയിലെ കുറവ്

| | ചോദ്യം | | മറുപടി |
|---|---|---|---|
| | ശ്രീ.കോടിയേരി ബാലകൃഷ്ണൻ<br>,, കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീമതി.പി. അയിഷാ പോറ്റി<br>ശ്രീ.ബാബു എം. പാലിശ്ശേരി | | ശ്രീ. ഉമ്മൻ ചാണ്ടി<br>(മുഖ്യമന്ത്രി) |
| (എ) | അയൽ സംസ്ഥാനങ്ങളിലുള്ളതിനേക്കാൾ കൂടുതൽ വില്പന നികുതിയും സെസും ഡീസലിനും പെട്രോളിനും സംസ്ഥാനത്തുള്ളതിനാൽ, സംസ്ഥാനത്തു നിന്നുള്ള ഡീസൽ/പെട്രോൾ വില്പനയിലുള്ള കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനങ്ങൾ തമ്മിലുള്ള നികുതി വ്യത്യാസം എല്ലാക്കാലവും നിലവിലുണ്ട്. എന്നാൽ ഇതിന്റെ ഫലമായി കേരളത്തിൽ പെട്രോളിന്റേയും ഡീസലിന്റേയും വില്പന കുറയുന്നതായും അത് അയൽ സംസ്ഥാനങ്ങളിലേക്ക് പോകുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. 2014-15 സാമ്പത്തിക വർഷം നവംബർ വരെ പെട്രോളിന്റെ വില്പന കേരളത്തിൽ 720228 കിലോ ലിറ്ററായിരുന്നത് 2015-16 സാമ്പത്തിക വർഷം നവംബർ വരെ 911289 കിലോ ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. ഡീസലിന്റെ വില്പന 2014-15 സാമ്പത്തിക വർഷം നവംബർ വരെ 1515484 കിലോ ലിറ്ററായിരുന്നത് 2015-16 സാമ്പത്തിക വർഷം നവംബർ വരെ 1700311 കിലോ ലിറ്ററായി വർദ്ധിച്ചിട്ടുണ്ട്. ആയതിനാൽ വില്പനയിൽ കുറവ് സംഭവിച്ചിട്ടില്ല. |
| (ബി) | 2015 നവംബർ1 അനുസരിച്ച് കേരളത്തിന്റെ അതിർത്തി സംസ്ഥാനങ്ങളിലെ ഡീസലിന്റെയും പെട്രോളിന്റെയും നികുതിയും സെസും എത്രയാണെന്നും കേരളത്തിന്റേത് എത്രയാണെന്നും വിശദമാക്കാമോ; | (ബി) | ഡീസലിനും പെട്രോളിനും മേൽ അതിർത്തി സംസ്ഥാനങ്ങൾ ഈടാക്കുന്ന നികുതി നിരക്ക് താഴെ നൽകുന്നു. |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>സംസ്ഥാനം</td><td>പെട്രോൾ</td><td>ഡീസൽ</td></tr>
<tr><td>തമിഴ് നാട്</td><td>27.00%</td><td>21.43%</td></tr>
<tr><td>കർണ്ണാടക</td><td>25.00%</td><td>15.65%</td></tr>
<tr><td>ആന്ധ്രാപ്രദേശ്</td><td>31% + Rs. 4 per litre</td><td>22.25% + Rs. 4 per litre</td></tr>
<tr><td>തെലങ്കാന</td><td>35.20%</td><td>27.00%</td></tr>
</table>
<br>
പെട്രോൾ, ഡീസൽ എന്നിവയിന്മേൽ കേരളം ചുമത്തുന്ന നികുതികൾ ചുവടെ ചേർക്കുന്നു.
<br>
<table>
<tr><td>ഇനം</td><td>പെട്രോൾ</td><td>ഡീസൽ</td></tr>
<tr><td>വില്പന നികുതി</td><td>31.80%</td><td>24.52%</td></tr>
<tr><td>സാമൂഹ്യ സുരക്ഷാ സെസ്സ്</td><td>1% on tax</td><td>1% on tax</td></tr>
<tr><td>അധിക വില്പന നികുതി</td><td>Rs. 1 per litre</td><td>Rs. 1 per litre</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>തമിഴ് നാട്ടിൽ നിന്നും മാഹിയിൽ നിന്നും ഡീസൽ വാങ്ങി സംസ്ഥാനത്ത് വിൽക്കുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;</td>
<td>(സി)</td>
<td>ശ്രദ്ധയിൽപ്പെട്ടിട്ടില്ല.</td>
</tr>
<tr>
<td>(ഡി)</td>
<td>ഡീസൽ നികുതി അയൽ സംസ്ഥാനങ്ങളിലേതിന് സമാനമാക്കിയാൽ നികുതി വെട്ടിപ്പ് തടയാനും അവശ്യ സാധനങ്ങളുടെ വില കുറക്കാനും കഴിയുമെന്ന കാര്യം പരിഗണിക്കാമോ?</td>
<td>(ഡി)</td>
<td>പരിഗണിക്കാവുന്നതാണ്.</td>
</tr>
</table>

**സെക്ഷൻ ഓഫീസർ**